# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1515

22/03/2013 - ലെ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.ടി. എം. തോമസ് ഐസക്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം നേരിടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ സർക്കാർ നടപ്പാക്കി വരുന്ന വിവിധ വിള ഇൻഷ്വറൻസ് പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകാമോ; | (എ) | അവലോകനം നടത്തിയിട്ടുണ്ട്.<br>വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇൻഷ്വറൻസ് പദ്ധതികൾ മുഖേന കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരം മതിയായ നിരക്കിലുള്ളതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള ധനസഹായം വർദ്ധിപ്പിച്ച സാഹചര്യത്തിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്ക് നൽകുന്ന നഷ്ടപരിഹാര തുക പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (സി) | വരൾച്ചമൂലം കൃഷി നാശം സംഭവിച്ചതിനെ തുടർന്ന് സാമ്പത്തിക നഷ്ടം അനുഭവിക്കുന്ന കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് ആവശ്യമായ സഹായം എത്തിക്കുന്നതിന് തയ്യാറാകുമോ; | (സി) | വരൾച്ച കാരണം കൃഷിനാശത്തിന് അർഹതപ്പെട്ട കർഷകർക്ക് സംസ്ഥാന സർക്കാരിന്റെ ജി.ഒ. (എം.എസ്.) നം.239/12/ഡി.എം.ഡി. തീയതി 11/06/2012 പ്രകാരം പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകിവരുന്നുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള മാനദണ്ഡമനുസരിച്ചും ധന സഹായം നൽകിവരുന്നുണ്ട്. കൂടാതെ സംസ്ഥാന വിത്തു വികസന അതോറിറ്റി മുഖേന 15,240 കിലോ നെൽവിത്ത് വരൾച്ചമൂലം പൂർണ്ണമായും നെൽകൃഷി നശിച്ചുപോയ കർഷകർക്ക് നൽകി കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ഡി) | 2012-13 ൽ വിള ഇൻഷ്വറൻസ് പദ്ധതികളുടെ സംസ്ഥാനസർക്കാർ വിഹിതം മുഴുവനായും കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം അറിയിക്കുമോ? | (ഡി) | വിള ഇൻഷ്വറൻസിൽ നിലവിലുള്ള നാലു പദ്ധതികളിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പച്ചക്കറി ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി, ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾക്കായി ലഭിച്ച 920 ലക്ഷം രൂപയിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി വിഹിതമായ 570 ലക്ഷം രൂപയും പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതി വിഹിതമായ 150 ലക്ഷം രൂപയും വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിനായി സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിലേക്ക് മാറ്റിവച്ചിട്ടുണ്ട്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുകയുടെ സംസ്ഥാന സർക്കാരിന്റെ വിഹിതമായി 175 ലക്ഷം രൂപ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

സർക്കാർ ഉത്തരവ് (എം.എസ്.)നം.125/19/കൃഷി തീയതി, 25/03/1995 പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ (തെങ്ങ്, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, മരച്ചീനി, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമി കുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, എന്നീ പ്രകൃതിക്ഷോഭങ്ങൾകൊണ്ടും വന്യമൃഗങ്ങളുടെ ശല്യംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കു മാത്രമേ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളു.

### കേരവൃക്ഷ വിള ഇൻഷ്വറൻസ് പദ്ധതി

നാളികേര വിള ഇൻഷ്വറൻസ് പദ്ധതി കാർഷിക ഇൻഷ്വറൻസ് കമ്പനിയും നാളികേര വികസന ബോർഡും സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്നു. കുറഞ്ഞത് ഉൽപ്പാദനക്ഷമതയുള്ള 10 തെങ്ങുകളെങ്കിലും ഉണ്ടായിരുന്നെങ്കിൽ മാത്രമേ കർഷകന് അവയെ ഇൻഷ്വർ ചെയ്യാനാകു. പ്രീമിയം തുകയുടെ 50% നാളികേര വികസന ബോർഡും 25% സംസ്ഥാന സർക്കാരും 25% കർഷകനും ചേർന്ന് നൽകുന്നു. ഇൻഷ്വർ ചെയ്ത തെങ്ങുകൾ 80% - ൽ അധികം നശിക്കുകയാണെങ്കിൽ നഷ്ടപരിഹാര തുക അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നു. 2012-2013 വർഷത്തിൽ ഈ പദ്ധതിക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നു.

### ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി

സർക്കാർ ഉത്തരവ് (ആർ.റ്റി)നം.1412/2012/എ.ഡി. തീയതി 09/07/2012 കൃഷി (കൃഷി) വകുപ്പ് പ്രകാരം ഖാരിഫ് സീസണിൽ നെൽകൃഷിയ്ക്ക് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും (വയനാട് ഒഴികെ) മരച്ചീനി, വാഴ, മഞ്ഞൾ, പൈനാപ്പിൾ എന്നീ കൃഷിയ്ക്ക് എല്ലാ ജില്ലകളിലും ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ ഇഞ്ചി കൃഷിയ്ക്കും ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. പാട്ട കൃഷി ചെയ്യുന്ന കർഷകർ ഉൾപ്പെടെ അതാത് സംസ്ഥാനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രഖ്യാപിത വിളകൾ കൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.

നെൽകൃഷിയ്ക്ക് വിരിപ്പു (ഖാരിഫ്) സീസണിൽ ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2.5% റാബി സീസണിൽ 2% വുമായിരിക്കും സാധാരണ പ്രീമിയം നിരക്ക്. രണ്ട് ഹെക്ടർ വരെ മാത്രം മൊത്തം കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ ഒരു നിശ്ചിത ശതമാനം കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നുണ്ട്.

ഏരിയ അപ്രോച്ചനുസരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് നെൽകൃഷിക്ക് പഞ്ചായത്തുകൾ അടിസ്ഥാനമാക്കിയുള്ള സോണും, വാണിജ്യ ഉദ്യാന വിളകൾക്ക് ബ്ലോക്കുമാണ് ഈ പദ്ധതിയനുസരിച്ചുള്ള യൂണിറ്റ് ഏരിയ.ഇതിലേക്കായി ഓരോ വിളയ്ക്കും ഓരോ സീസണിലും പ്രഖ്യാപിത പ്രദേശങ്ങളെ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുന്നു. അഗ്രക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2012-2013 വർഷത്തെ പദ്ധതി നടത്തിപ്പിനായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

## കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ ലഭ്യമാക്കുന്നത്. ഇതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 2012-2013 ഖാരിഫ് സീസണിൽ ഈ പദ്ധതിയിൽ കുരുമുളകിനേയും (ഇടുക്കി, വയനാട് ജില്ലകളിൽ മാത്രം) നെല്ലിനെയും (പാലക്കാട് ജില്ലയിൽ മാത്രം) ഉൾപ്പെടുത്തിയിരിക്കുന്നു. 2012-2013 റാബി സീസണിൽ ഈ പദ്ധതിയിൽ നെല്ലിനെയും (പാലക്കാട് ജില്ലയിൽ മാത്രം) കശുമാവിനെയും (കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം, പാലക്കാട് ജില്ലകളിൽ) ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം നെല്ലിന് 75% വും കശുമാവിന് 50% വും പ്രീമിയം സബ്സിഡി ലഭ്യമാണ്. അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2012-2013 വർഷത്തെ പദ്ധതി നടത്തിപ്പിനായി 25 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സെക്ഷൻ ഓഫീസർ